DESPATCHED
On 22/01/2020

09/01/2020

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം_695 001**
**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.2786(4)/2014/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.16962/SIC-Gen 2/2014**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജയധർമ്മൻ .ഡി,
വളവു പുരയിടം,
കീഴ്ക്കൊല്ല, അമരവിള പി.ഒ.,
തിരുവനന്തപുരം – 695 122. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
 വില്ലേജ് ഓഫീസർ,
 മാറനല്ലൂർ വില്ലേജ് ഓഫീസ്, കാട്ടാക്കട,
 തിരുവനന്തപുരം.

2. അപ്പീൽ അധികാരി & തഹസീൽദാർ,
 കാട്ടാക്കട താലൂക്ക് ഓഫീസ്,
 കാട്ടാക്കട, തിരുവനന്തപുരം. } എതിർകക്ഷികൾ

## ഉത്തരവ്

2014ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച അപ്പീൽ ഹർജിയാണ് ഇത്. ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾക്കും രേഖകൾക്കും അഞ്ച് വർഷത്തിലേറെ പഴക്കമുണ്ട്. ഈ അപ്പീൽ ഹർജിയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (എസ്.പി.ഐ.ഒ) കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ടവയിൽ ലഭ്യമായ വിവരങ്ങൾ മുഴുവൻ നൽകിയിട്ടുണ്ടെന്നാണ്.

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഹർജിക്കാരന്റെ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 09/01/2020ന് നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ ഹർജിക്കാരനു നോട്ടീസ് നൽകിയിരുന്നെങ്കിലും, ടിയാൻ ഹാജരാവുകയോ അഭിപ്രായം രേഖപ്പെടുത്തുവാൻ തയ്യാറാവുകയോ ചെയ്തിരുന്നില്ല. അതിനാൽ എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് വിശ്വാസത്തിൽ എടുത്തുകൊണ്ട് ഈ അപ്പീൽ ഹർജി തീർപ്പാക്കുന്നു.

3. എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് വിശ്വാസത്തിൽ എടുത്തിരിക്കുന്നതിനാൽ, അതിൽ പറഞ്ഞ പ്രകാരം ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാനു ലഭ്യമായി എന്നുറപ്പാക്കേണ്ട ബാധ്യത ഇപ്പോഴത്തെ എസ്.പി.ഐ.ഒ.യുടേതാണ്.

4. എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ടിൽ പറഞ്ഞപ്രകാരം ഹർജിക്കാരന് വിവരങ്ങൾ ലഭ്യമായിട്ടില്ലെങ്കിലും, പ്രസ്തുത വിവരങ്ങളിൽ ടിയാന് ഇപ്പോഴും താത്പര്യമുണ്ടെങ്കിലും ഈ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം ഒരു പരാതി ഹർജിയുമായി ഹർജിക്കാരന് കമ്മീഷനെ നേരിട്ട് സമീപിക്കാവുന്നതാണ്.

5. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 ജനുവരി മാസം 9–ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**അഡീഷണൽ സെക്രട്ടറി (നിയമം)**

gk.